**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 695** **11-06-2024 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര വൈദ്യുതി വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീമതി ഉമ തോമസ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുറഞ്ഞ നിരക്കിൽ ലഭിക്കുമായിരുന്ന കേന്ദ്ര വൈദ്യുതി വിഹിതം ഈ വർഷം മെയ്, ജൂൺ മാസങ്ങളിൽ സറണ്ടർ ചെയ്യാൻ കെ.എസ്.ഇ.ബി. തീരുമാനിച്ചിട്ടുണ്ടോ; | (എ) | മെയ്, ജൂൺ മാസങ്ങളിലെ അധിക വൈദ്യുതി ആവശ്യകത മുൻകൂട്ടി കണ്ട് അത് നിറവേറ്റുന്നതിനായി കെ.എസ്.ഇ.ബി.ലിമിറ്റഡ് ഹ്രസ്വകാല കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ, വേനൽ മഴ ശക്തമായുള്ള സമയങ്ങളിലും, സോളാർ വൈദ്യുതി അധികമുള്ള സമയങ്ങളിലും, അവധി ദിവസങ്ങളിലും വൈദ്യുതി ആവശ്യകത തീരെ കുറവുള്ള സമയങ്ങളിൽ അധികമായുള്ള ലഭ്യത ചില അവസരങ്ങളിൽ സറണ്ടറോ/വിൽപനയോ (Merit Order അനുസരിച്ച്) ചെയ്യേണ്ടതായി വരുന്നുണ്ട്. ഇത് വൈദ്യുതിയുടെ തത്സമയ ആവശ്യകതയെ ആശ്രയിച്ചാണ് ചെയ്തുവരുന്നത്. |
| (ബി) | എങ്കിൽ കുറഞ്ഞ നിരക്കിൽ ലഭിക്കുന്ന വൈദ്യുതി സറണ്ടർ ചെയ്യാനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (ബി) | മെയ്, ജൂൺ മാസങ്ങളിലെ അധിക വൈദ്യുതി ആവശ്യകത മുൻകൂട്ടി കണ്ട് അത് നിറവേറ്റുന്നതിനായി കെ.എസ്.ഇ.ബി.ലിമിറ്റഡ് ഹ്രസ്വകാല കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ, വേനൽ മഴ ശക്തമായുള്ള സമയങ്ങളിലും, സോളാർ വൈദ്യുതി അധികമുള്ള സമയങ്ങളിലും, അവധി ദിവസങ്ങളിലും വൈദ്യുതി ആവശ്യകത തീരെ കുറവുള്ള സമയങ്ങളിൽ അധികമായുള്ള ലഭ്യത ചില അവസരങ്ങളിൽ സറണ്ടറോ/വിൽപനയോ (Merit Order അനുസരിച്ച്) ചെയ്യേണ്ടതായി വരുന്നുണ്ട്. ഇത് വൈദ്യുതിയുടെ തത്സമയ ആവശ്യകതയെ ആശ്രയിച്ചാണ് ചെയ്തുവരുന്നത്. |
| (സി) | കെ.എസ്.ഇ.ബി. യുടെ ഈ തീരുമാനം മൂലം ബോർഡിന് കോടിക്കണക്കിന് രൂപയുടെ നഷ്ടം സംഭവിക്കും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | Ministry of Power ന്റേയും റെഗുലേറ്ററി കമ്മീഷന്റേയും നിർദ്ദേശങ്ങൾ പ്രകാരം വൈദ്യുതി ആവശ്യകത അനുസരിച്ച് ലഭ്യമാക്കാൻ കെ.എസ്.ഇ.ബി.ലിമിറ്റഡ് ബാധ്യസ്ഥമാണ്. ആവശ്യകതയിലെ വർദ്ധനവും ലഭ്യതയിലുണ്ടായേക്കാവുന്ന കുറവും മുൻകൂട്ടി കണ്ട് അത് നിറവേറ്റാനുള്ള നടപടികൾ മുൻകൂട്ടിതന്നെ |

| | | | |
|---|---|---|---|
| | | | ചെയ്തുവരുന്നുണ്ട്. എന്നാൽ, അപ്രതീക്ഷിതമായുണ്ടാവുന്ന കാലാവസ്ഥ വ്യതിയാനങ്ങൾ മൂലം ആവശ്യകതയിൽ ഗണ്യമായ കുറവാണ് ചില സമയത്ത് അനുഭവപ്പെടാറുള്ളത്. ഇപ്രകാരം മെയ് മാസം രണ്ടാം പകുതിയിൽ, ആദ്യ പകുതിയെ അപേക്ഷിച്ച് 2000 മെഗാവാട്ട് വരെ വൈദ്യുതി ആവശ്യകതയിൽ കുറവ് അനുഭവപ്പെട്ടു. ഇപ്രകാരമുണ്ടാകുന്ന വലിയ കുറവ് കൈകാര്യം ചെയ്യുന്നതിനായി കരാർ ചെയ്തിരുന്ന വൈദ്യുതി സറണ്ടർ ചെയ്യേണ്ട ആവശ്യം വന്നിട്ടുണ്ട്.<br><br>തത്സമയം ആവശ്യമായി വരുന്ന ഇത്തരം നടപടികൾ മൂലം ബോർഡിന് യാതൊരുവിധ നഷ്ടവും ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ